വികലാംഗ പെൻഷൻ

52 [1191] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗ ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിൽ വികലാംഗ പെൻഷൻ പ്രതിമാസം 110 രൂപയാണ് നൽകിവരുന്നത്. ഈ തുക 150 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചതായി ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ

53 [1192] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വികലാംഗക്ഷേമ കോർപ്പറേഷൻ കേരളത്തിലെ വികലാംഗരായ വ്യക്തികൾക്ക് താഴെ പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ നൽകിവരുന്നു:

(1) അറുപതിനായിരം രൂപവരെ വാർഷികവരുമാനമുള്ള വികലാംഗർക്ക് സഹായ ഉപകരണങ്ങളായ ട്രൈസൈക്കിൾ, വീൽചെയർ, ക്രച്ചസ്, കൃത്രിമ കൈകാലുകൾ, കാലിപ്പർ, ഷൂസ്, ശ്രവണ സഹായി, വൈറ്റ് കെയിൻ, പവർ ഗ്ലാസ്, ബ്രെയിലി സ്ലേറ്റ്, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്ട്രമി ബാഗ് എന്നിവ സൗജന്യമായി വിതരണം ചെയ്തു വരുന്നു.

(2) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങുന്നതിലേക്കായി 5,000 രൂപ സബ്സിഡി നൽകുന്നു.

(3) വികലാംഗർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വികലാംഗ ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെ 5 ലക്ഷം രൂപവരെ പരമാവധി 6% പലിശ നിരക്കിൽ പരമാവധി 10 വർഷം വരെ നീണ്ടുനിൽക്കുന്ന കാലയളവിലേക്ക് വായ്പയായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly